II ഇ.ബി. XII- കേരള നിയമസഭ/ VIII-4

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂൺ 26, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ.**

10 (*91) ലക്ഷംവീട് നവീകരണ പദ്ധതി.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി( (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, 27-3-08-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 17-6-2008-ന് കൊല്ലം ജില്ലയിലെ ചിതറയിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായിയെന്നും സഭയെ അറിയിച്ചു. നവീകരണം ആവശ്യമുള്ള ഏകദേശം 60,000 വീടുകൾ പുനർനിർമ്മിക്കുന്നതിന് വേണ്ടി സർക്കാർ കണ്ടെത്തേണ്ടി വരുന്ന ചെലവ് 178 കോടി രൂപയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതിക്കായി ആവിഷ്ക്കരിച്ച ലോട്ടറിയിൽ നിന്നും 14,89,31,850/ രൂപ വിറ്റുവരവ് ലഭിച്ചു. ഇതിൽനിന്ന് 6.16 കോടി രൂപ അറ്റാദായം ലഭിക്കുമെന്ന്

പ്രതീക്ഷിക്കപ്പെടുന്നു. ഈ പദ്ധതിക്കായി 2007-08 സാമ്പത്തിക വർഷം 17 കോടി രൂപ റീ-അപ്രോപ്രിയേഷൻ മുഖേന വകയിരുത്തിയിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ബാക്കി ആവശ്യമുള്ള തുക സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു വരികയാണ്. ഇന്നലെ കൂടിയ മന്ത്രിസഭായോഗത്തിൽ ഈ മഹത്തായ ലക്ഷ്യത്തിലേയ്ക്ക് സംഭാവന നൽകാൻ താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സംഭാവന സ്വീകരിക്കാനായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു യൂണിറ്റിന്റെ നവീകരണച്ചെലവ് 50,000/- - രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ സർക്കാർ സബ്സിഡി, ജനറൽ വിഭാഗത്തിന് 25,000/- രൂപയും (50%) പട്ടികജാതി വിഭാഗത്തിന് 37,500 രൂപയും (75%), പട്ടികവർഗ്ഗ വിഭാഗത്തിന് 50,000/- രൂപയും (100%) ആണ്. ബാക്കിതുക തദ്ദേശഭരണ സ്ഥാപനങ്ങൾ/ എം.എൽ.എ. ഫണ്ട്/ സന്നദ്ധ സംഘടനകൾ/ സർക്കാരിതര സംഘടനകൾ/ കാരുണ്യവാൻമാരായ വ്യക്തികൾ/ കുടുംബശ്രീ/ കോ-ഓപ്പറേറ്റീവ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഈ പദ്ധതി, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 5 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. 1972-ൽ ആരംഭിച്ച ലക്ഷംവീട് പദ്ധതിയിൻകീഴിൽ 90208 വീടുകൾ പൂർത്തിയാക്കിയിരുന്നു. ഇപ്പോൾ ആവിഷ്ക്കരിച്ച ലക്ഷംവീട് നവീകരണ പദ്ധതിയിൽ കോളനികളുടെ നവീകരണവും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. അത് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് ചെയ്യാൻ കഴിയും. ലക്ഷംവീട് പദ്ധതിപ്രകാരം തിരിച്ചടയ്ക്കാനുള്ള കുടിശ്ശിക തുക സെറ്റിൽ ചെയ്യുന്നതിനായി ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം വൺ ടൈം സെറ്റിൽമെന്റിന്റെ കാലാവധി മൂന്നു തവണ

നീട്ടിക്കൊടുത്തിട്ടുണ്ട്; വീണ്ടും നീട്ടണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഈ വിഷയം ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച നടത്തി കാലപരിധി വീണ്ടും നീട്ടിക്കിട്ടാനുള്ള സാധ്യത ആരായുന്നതാണ്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സഹകരിച്ച് പൂർത്തീകരിക്കേണ്ട ലക്ഷംവീട് നവീകരണ പദ്ധതി നടത്തിപ്പിന്റെ സാങ്കേതിക ചുമതല സംസ്ഥാന ഹൗസിംഗ്ബോർഡ് നിർവ്വഹിക്കുന്നതാണ്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം കണക്കിലെടുത്താൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തുക അപര്യാപ്തമാണ്; മണൽ ഉൾപ്പെടെയുള്ള കെട്ടിടനിർമ്മാണസാമഗ്രികൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന കാര്യം പഞ്ചായത്തുകളുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്. ലക്ഷംവീട് നവീകരണപദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിലെ ചിതറയിലാണ് നടപ്പിലാക്കുന്നത്. കൊല്ലം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ചേർന്നുകൊണ്ട് ഒരു വർഷക്കാലം കൊണ്ട് വീടുകൾ നവീകരിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ലക്ഷംവീട് നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിൽ വീടുകൾ നവീകരിക്കുമ്പോൾ അവ ഫ്ളാറ്റ് മാതൃകയിലാക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിരുന്നു. അക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ നിന്ന് ഇതിനോടകം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിശ്ചയദാർഢ്യവും എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണവും ഉണ്ടെങ്കിൽ അഞ്ച് വർഷം കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലക്ഷംവീട് കോളനികളിൽ ശ്മശാനം നിർമ്മിക്കുന്നതിനായി സ്ഥലപരിമിതി പ്രശ്നമാണെങ്കിലും അതിനായി ഒരു സ്കീം തയ്യാറാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. ലക്ഷംവീട് കോളനികളിലെ പൊതുവിലുള്ള

പിന്നോക്കാവസ്ഥ പരിഹരിക്കാനായി അവിടെ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ പഞ്ചായത്തുകൾ പങ്ക് വഹിക്കുന്നുണ്ട്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ, ലക്ഷംവീട് കോളനികളിലെ ഭൂമി കോളനിനിവാസികൾക്ക് മോഹവില നൽകി കയ്യടക്കുന്ന അവസ്ഥ ചില സ്ഥലങ്ങളിൽ കണ്ടുവരുന്നുണ്ട്. ഇത് പരിഹരിക്കാൻ അപേക്ഷകൾ പഞ്ചായത്ത് സ്ക്രൂട്ടിണൈസ് ചെയ്തശേഷം സ്വീകാര്യമായവർക്ക് മാത്രമേ ലക്ഷം വീട് അനുവദിക്കുകയുള്ളൂ. ലക്ഷംവീട് നവീകരണപദ്ധതിക്കായി 28 കോടി രൂപ മാറ്റിവയ്ക്കുന്നത് സംസ്ഥാനത്ത് ആദ്യമായിട്ടാണ്. വരും വർഷങ്ങളിലും ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വേണ്ട തുക ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതാതു പ്രദേശങ്ങളിലുള്ള രാഷ്ട്രീയ പാർട്ടികൾ, വർഗ്ഗ ബഹുജന സംഘടനകൾ, പഞ്ചായത്തുകൾ, തുടങ്ങിയവർ മുൻകയ്യെടുത്ത് ലക്ഷംവീടുകളിൽ താമസിക്കുന്നവരെ സ്വയംപര്യാപ്തരാക്കാനുള്ള ബോധവൽക്കരണം നടത്തണം. സംസ്ഥാനത്ത് വീടില്ലാത്തവർക്ക് വീടു വച്ചു കൊടുക്കുന്നതിനായി ഈ ഗവണ്മെന്റ് ആവിഷ്ക്കരിച്ച ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി മുഖേന എല്ലാവർക്കും വീട് എന്ന ആശയം പ്രാവർത്തികമാക്കാൻ നടപടി എടുക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ ഈ ഗവണ്മെന്റ് ആവിഷ്ക്കരിച്ച പദ്ധതിയിൽ 33,000 വീടുകൾ അനുവദിച്ചതിൽ 13,000 വീടുകൾ ഇതിനോടകം പൂർത്തീകരിച്ചുവെന്നും അടുത്ത മൂന്നു വർഷം കൊണ്ട് ബാക്കിയുള്ളവ പൂർത്തീകരിച്ച് കൊടുക്കുന്നതായിരിക്കുമെന്നും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ഒരുപചോദ്യത്തിനുത്തരമായി അറിയിച്ചു.

11 (*92). പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എല്ലാ സീറ്റുകളിലേക്കും എയിഡഡ് സ്കൂളുകളിലെ മെറിറ്റ് സീറ്റുകളിലേക്കും ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ പ്രവേശനം ഏകജാലക സംവിധാനം വഴിയാണ് നടപ്പിലാക്കുന്നതെന്ന് സഭയെ അറിയിച്ചു. ഏകജാലകസംവിധാനത്തിന്റെ പ്രത്യേകതകൾ താഴെ കൊടുക്കുന്നു.

ഒരു ജില്ലയിലെ വിവിധ സ്കൂളുകളിലെ മെറിറ്റ് സീറ്റിലേക്കുള്ള പ്രവേശനത്തിന് ഒരു വിദ്യാർത്ഥി ഒരു അപേക്ഷ മാത്രം നൽകിയാൽ മതി. മുൻ വർഷങ്ങളിലെപ്പോലെ വ്യത്യസ്ത സ്കൂളുകളിൽ പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല:

വിദ്യാർത്ഥികൾക്ക് ജില്ലയിലെ ഏത് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് വേണമെങ്കിലും അപേക്ഷാ ഫോറം വാങ്ങാനും ജില്ലയിലെതന്നെ സൗകര്യപ്രദമായ ഏതു ഹയർ സെക്കണ്ടറി സ്കൂളിലും പൂരിപ്പിച്ച അപേക്ഷ സമർപ്പിക്കുവാനും സാധിക്കും:

ഒരു അപേക്ഷഫോറം ഉപയോഗിച്ചു തന്നെ 60 സ്കൂളുകളിലേക്കോ 60 സബ്ജക്ട് കോമ്പിനേഷനിലേക്കോ അപേക്ഷിക്കുവാൻ കഴിയും. അപേക്ഷാഫോറത്തിന്റെയും പ്രോസ്പെക്ടസ്സിന്റെയും വില പത്ത് രൂപ മാത്രമാണ്:

ഒരു ദിവസം തന്നെ അനേകം സ്കൂളുകളിൽ നിന്ന് ഇന്റർവ്യൂ കാർഡു വരികയും എവിടെയാണ് ഇന്റർവ്യൂവിനു പോകേണ്ടതെന്ന ആശയക്കുഴപ്പം വരികയും ചെയ്യാറുണ്ടായിരുന്ന അവസ്ഥ ഒഴിവാക്കും. എല്ലാവരും അനേകം സ്കൂളുകളിൽ അപേക്ഷിക്കുന്നതിനാൽ എല്ലാ സ്കൂകളിലും ഉണ്ടാവുന്ന കൃത്രിമ തിരക്ക് ഇല്ലാതായി:

ആദ്യമേതന്നെ ഓരോ വിദ്യാർത്ഥിക്കും ലഭിക്കാവുന്ന അഡ്മിഷന്റെ സാദ്ധ്യതാ വിവരം തിട്ടപ്പെടുത്തുവാൻ കഴിയുമെന്നതിനാൽ കുട്ടികളുടെ അനാവശ്യമായ ആകാംക്ഷ ഒഴിവാക്കാൻ കഴിയുന്നു. ഒരു സ്കൂളിൽ അഡ്മിഷൻ എടുത്ത കുട്ടിയ്ക്ക് അതേ സ്കൂളിലോ മറ്റു സ്കൂളുകളിലോ വരുന്ന ഒഴിവുകളിലേക്ക് മുൻഗണനാ താൽപ്പര്യം

അനുസരിച്ച് മാറുവാനും അവരവർക്ക് ഇഷ്ടമുള്ള സ്കൂളും കോഴ്സും തിരഞ്ഞെടുക്കാനും കഴിയുന്നു:

യോഗ്യതയും സംവരണ തത്വങ്ങളും കൃത്യമായി പാലിച്ചു കൊണ്ടായിരിക്കും പ്രവേശനം നടത്തുകയെന്നുറപ്പാക്കും.നേരത്തെ ചില സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും അനേകം കുട്ടികൾ അഡ്മിഷൻ കിട്ടാതെ വലയുകയും ചെയ്യുന്ന പ്രശ്നമുണ്ടായി രുന്നു. ഏകജാലകത്തിലൂടെ ഈ പ്രശ്നവും പരിഹരിക്കാൻ കഴിയും.

ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുന്നില്ല; വിദൂര സ്കൂളുകളിലേക്കും ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്കൂളുകളിലേക്കും പ്രവേശനം നേടാൻ നിർബന്ധിതരാകുന്നു; പഠിച്ച സ്കൂൾ/പഞ്ചായത്ത് എന്നിവ പരിഗണിക്കുന്നില്ല; ഇഷ്ടമില്ലാത്ത സ്കൂളുകളിൽ പ്രവേശനം നൽകുന്നു എന്നിവ ആയിരുന്നു ഏകജാലക സംവിധാനത്തിനെതിരെ പ്രധാനമായും ഉന്നയിച്ച വാദമുഖങ്ങൾ. എന്നാൽ ഈ വാദങ്ങൾ എല്ലാം തന്നെ അടിസ്ഥാനരഹിതമാണ്; നിരർത്ഥകമാണ്. 2008 മാർച്ചിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ സേ പരീക്ഷ പാസ്സായവരുൾപ്പെടെ 431773 പേർ ഉന്നത പഠനത്തിന് അർഹത നേടിയിട്ടുണ്ട്. പ്ലസ് വൺ പ്രവേശനത്തിന് ഈ വർഷവും എല്ലാ സർക്കാർ സ്കൂളുകളിലും 20% അധിക സീറ്റ് വർദ്ധനവും, ആവശ്യപ്പെടുന്ന എയിഡഡ് സ്കൂളുകൾക്ക് 20% സീറ്റ് വർദ്ധനവും നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വർദ്ധിപ്പിച്ച സീറ്റുകൾ അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ബാധകമാക്കിയിട്ടുണ്ട്. ഇതുമൂലം സർക്കാർ സ്കൂളുകളിൽ 22560 സീറ്റുകളും അധിക സീറ്റ് വർദ്ധനവ് ആവശ്യപ്പെട്ട 262 എയിഡഡ് സ്കൂളുകളിലായി 10535 സീറ്റുകളും അൺ എയിഡഡ് സ്കൂളുകളിൽ

14060 സീറ്റുകളും ഉൾപ്പെടെ 47155 സീറ്റുകൾ അധികമായി ലഭ്യമാകും. ഇങ്ങനെ സംസ്ഥാനത്തെ പ്ലസ് ടു സീറ്റുകളുടെ എണ്ണം 342005 ആയി ഉയരും. കൂടാതെ ഐ.ടി.ഐ, ഐ.ടി.സി., പോളിടെക്നിക്, വി.എച്ച്.എസ്.ഇ. എന്നീ കോഴ്സുകളിലേക്കുള്ള സീറ്റുകളും ഉപരിപഠനത്തിന് ലഭ്യമാണ്. മുൻ വർഷങ്ങളിലും 20% അധിക സീറ്റ് വർദ്ധനവ് അനുവദിച്ചിരുന്നു. അടിസ്ഥാന സൗകര്യങ്ങളുള്ള എയിഡഡ് സ്കൂളുകളിലാണ് അധിക സീറ്റ് വർദ്ധനവ് ആവശ്യപ്പെട്ടിട്ടുള്ളത്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ചുമതല ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കുമാണ്. അവ ഭൂരിഭാഗം സ്കൂളുകളിലും അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ സഹകരണത്തോടെ വികസന പ്രവർത്തനങ്ങൾ വഴി ഒരുക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറി തലത്തിൽ കഴിഞ്ഞ പ്രാവശ്യം തിരുവനന്തപുരം ജില്ലയിൽ ഏക ജാലകസംവിധാനം പരീക്ഷണാർത്ഥം നടപ്പിലാക്കിയത് വിജയകരമായ സാഹ ചര്യത്തിലാണ് ഇക്കൊല്ലം സംസ്ഥാനത്താകെ നടപ്പാക്കാൻ തീരുമാനിച്ചത്. അതിന്റെ അനുഭവംകുടി പരിഗണിച്ച് അടുത്ത വർഷം വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലും ഈ സംവിധാനം വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കുന്നതാണ്. എന്നാൽ കോളേജ് തല ത്തിലെ പ്രവേശനത്തിന് ഏകജാലകസംവിധാനം ഏർപ്പെടുത്തുന്ന കാര്യം സംസ്ഥാനസർക്കാർ ആലോചിച്ചിട്ടില്ല. എയ്ഡഡ്, ന്യൂനപക്ഷ, പിന്നോക്ക സമുദായ മാനേജ്മെന്റുകൾക്ക് അർഹമായ 40 ശതമാനം സീറ്റിൽ 20 ശത മാനം അതാത് സമുദായത്തിലെ കുട്ടികൾക്ക് മെറിറ്റ് അടിസ്ഥാനത്തിലും ബാക്കി 20 ശതമാനം മാനേജ്മെന്റ് ക്വാട്ടയിലും നൽകണമെന്നാണ്

വ്യവസ്ഥ. ഈ വ്യവസ്ഥകൾ അനുസരിച്ചാണോ അഡ്മിഷൻ കൊടുക്കുന്നത് എന്ന കാര്യം സോഷ്യൽ ആഡിറ്റിന് വിധേയമാക്കുന്നതാണ്. മാനേജ്മെന്റ് സീറ്റിലേയ്ക്കുള്ള പ്രവേശനത്തിന് സ്ക്കൂൾ മാനേജുമെന്റുകൾക്ക് അപേക്ഷാഫാറം അച്ചടിച്ച് കൊടുക്കാനുള്ള അധികാരമുണ്ട്. മലബാർ മേഖലയ്ക്ക് മാത്രമായി പ്ളസ് വൺ പ്രവേശനത്തിന് പുതുതായി 26,000 സീറ്റുകൾ കഴിഞ്ഞ വർഷം അനുവദിച്ചിരുന്നു. അതോടൊപ്പം 20 ശതമാനം വർദ്ധനവും പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതിനുപുറമേ മലബാറിലെ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കാൻ എന്തു ചെയ്യാൻ കഴിയും എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട് ജില്ലയിൽ പ്ളസ് വണ്ണിന് 11419 സീറ്റുകളുടെ കുറവുണ്ട്. മറ്റു ജില്ലകളിലും ഈ സ്ഥിതിവിശേഷം നിലവിലുണ്ട്. ഈ കുറവ് പരിഹരിക്കാൻ സഹകരണ മേഖലയിൽ എന്തു നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് സഹകരണവകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. നിലവിൽ പ്ളസ് ടു കോഴ്സ് ഇല്ലാത്ത 240 പഞ്ചായത്തുകളിൽ പ്ളസ് ടു കോഴ്സ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രവേശന പരീക്ഷയുടെ മാർക്ക് കൂടാതെ പ്ളസ് ടു പരീക്ഷാ മാർക്കു കൂടി പരിഗണിക്കുന്ന വിധത്തിൽ എൻട്രൻസ് പ്രവേശന പരീക്ഷാ രീതി പരിഷ്ക്കരിക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ രീതി പ്രാബല്യത്തിൽ വരുന്നതോടെ തൃശൂർ ജില്ലയിലെ സ്ക്കൂളുകളിലെ പ്ളസ് വൺ പ്രവേശനത്തിലെ തിരക്ക് നിയന്ത്രിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഏകജാലകസംവിധാനം നിലവിൽ വന്നതോടുകൂടി വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന സ്ക്കൂളുകളിലും ആവശ്യപ്പെടുന്ന കോഴ്സിലും പ്രവേശനം ലഭിക്കുന്നുണ്ടോ എന്നുള്ളതു പരിശോധി

ക്കാനായി എല്ലാ സ്ക്കൂളുകളും കേന്ദ്രീകരിച്ച് നടപ്പിലാക്കിയ വെബ്സൈറ്റ് സംവിധാനവും ഹെൽപ്പ് ഡെസ്ക് സംവിധാനവും ഉപയോഗിക്കാവുന്നതാണ്. അധികപഠനസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്യുമ്പോൾ സീറ്റുകൾ കുറവുള്ള ജില്ലകളെ പരിഗണിക്കുന്നതാണെന്നും പ്ളസ് ടു കോഴ്സുകളുള്ള ഗവണ്മെന്റ് സ്ക്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിലെ എയ്ഡഡ് സ്ക്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

12 (*93) <u>നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ്</u>.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്കുണ്ടായ രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ സഭയിൽ പ്രഖ്യാപിച്ച 'സഹകരണ വിപണനം കേരളീയം' പദ്ധതി പ്രകാരം കൺസ്യൂമർ ഫെഡറേഷൻ മുഖേന 15.2.07 മുതൽ 15.4.07 വരെ 3415 വിപണന കേന്ദ്രങ്ങളിലൂടെ 21 ഇനം നിത്യോപയോഗ സാധനങ്ങൾ വിൽക്കുകയുണ്ടായിയെന്നും അതിന് സബ്സിഡിയായി 15.79 കോടി രൂപ നൽകുകയുണ്ടായിയെന്നും സഭയെ അറിയിച്ചു. ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന 29.8.06 മുതൽ 4.9.06 വരെ 910 സഹകരണ വിപനണന കേന്ദ്രങ്ങളിലൂടെ (ഓണച്ചന്തകൾ) 1.71 കോടി രൂപ സബ്സിഡി അനുവദിച്ചു. 25.7.07 മുതൽ 5.9.07 വരെ 1642

സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ 32 ഇനം നിത്യോപയോഗ സാധനങ്ങളും റംസാനോടുനുബന്ധിച്ച് 1-10-07 മുതൽ 13.10.2007 വരെ 822 വിപണന കേന്ദ്രങ്ങളിലൂടെയും ഫെഡറേഷന്റെ 65 ത്രിവേണി സ്റ്റോറുകൾ വഴിയും 25 ഇനം നിത്യോപയോഗ സാധനങ്ങൾ 1.85 കോടിരൂപ സബ്സിഡി അനുവദിച്ചും (റംസാൻ ചന്ത), ക്രിസ്മസ്/ബക്രീദിനോടനുബന്ധിച്ച് 15.12.2007 മുതൽ 31.12.2007 വരെ 916 വിതരണ കേന്ദ്രങ്ങളിലൂടെ 24 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് 2.67 കോടി രൂപയുടെ സബ്സിഡി അനുവദിച്ചും വിതരണം ചെയ്യുകയുണ്ടായി. അരിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ അരിവില നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ വഴിയുള്ള 3689 'ന്യായവില അരിച്ചന്തകൾ' വഴി 2007 ഡിസംബർ 12 മുതൽ 20.1.2008 വരെയുള്ള 38 ദിവസകാലയളവിൽ 5 ഇനത്തിൽപ്പെട്ട അരി 12.75 കോടി രൂപ സബ്സിഡി അനുവദിച്ച് വിതരണം നടത്തിയിരുന്നു. വിഷുവിനോടനുബന്ധിച്ച് 2008 ഏപ്രിൽ 7 മുതൽ 17 വരെ 1534 വിപണന കേന്ദ്രങ്ങളിലൂടെ (വിഷുചന്ത) 23 ഇനം നിത്യോപയോഗ സാധനങ്ങൾ 1.90 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം നൽകി വിതരണം നടത്തി വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. അരിവില നിയന്ത്രിക്കുന്നതിനായി സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ തെരഞ്ഞെടുത്ത 1367 സഹകരണ സംഘങ്ങളിലൂടെ ഇപ്പോൾ ബംഗാളിൽ നിന്നുമുള്ള അരി ലഭ്യമാക്കി വിതരണം ചെയ്തു വരുന്നു. ഇതിനു പുറമേ കൺസ്യൂമർ ഫെഡ

റേഷൻ നേരിട്ട്, ഫെഡറേഷന്റെ ത്രിവേണി സൂപ്പർ സ്റ്റോറുകൾ വഴിയും അരി വിതരണം ചെയ്തു വരുന്നു. "ന്യായവില അരിച്ചന്ത"കളിലൂടെ 2,00,070 ക്വിന്റൽ (20,007 ടൺ) അരി ഇതുവരെ വിതരണം ചെയ്യുകയുണ്ടായി. കേരളത്തിൽ അരി വില ഉയർന്ന സാഹചര്യത്തിലും അരിയുടെ ലഭ്യത കുറഞ്ഞു വന്ന സാഹചര്യത്തിലും കൺസ്യൂമർ ഫെഡറേഷൻ പ്രസിഡന്റും മാനേജിംഗ് ഡയറക്ടറും മറ്റും ബംഗാളിൽ പോയി അരി മില്ലുടമകളുടെ അസോസിയേഷൻ പ്രതിനിധികളുമായി ചർച്ച നടത്തി കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ഐ.ആർ.36 ഇനം ബംഗാളിലെ മുന്തിയ അരി കേരളത്തിൽ എത്തിക്കാൻ നടപടികൾ എടുത്തു. ബംഗാളിൽ നിന്നും 5-6-2008-ന് 42 വാഗണുകളിലായി 2476 ടൺ ഐ.ആർ 36 എന്ന മുന്തിയ ഇനം അരി ലഭ്യമാക്കി 14 ജില്ലകളിലായി വിതരണം നടന്നു വരികയാണ്. 6-6-08 മുതൽ 25-6-08 വരെ 2200 ടൺ അരി 3 കോടി 70 ലക്ഷം രൂപയ്ക്ക് ലാഭനഷ്ടം ഇല്ലാതെ വിൽപ്പന നടത്തുകയും ചെയ്തു. ഈ പദ്ധതി മൂലം ആന്ധ്രയിൽ നിന്നുള്ള അരിയുടെ വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. മറ്റ് അരികളുടെ വിലയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ബംഗാൾ അരി വിതരണം തുടങ്ങിയപ്പോൾ 21 മുതൽ 25 രൂപ വരെയുണ്ടായിരുന്ന 'ജയ' അരിയുടെ വില 18 രൂപയായി കുറയുകയുണ്ടായി. ചിലയിനം അരികളുടെ വില 16 രൂപയിൽ താഴെയാകുന്ന സ്ഥിതിയും ഉണ്ടായി. കൂടാതെ കേരളത്തിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിച്ച ആന്ധ്ര അരി ലോബിയെ ബഹുജനങ്ങളിൽ നിന്നും വ്യാപാരികളിൽ നിന്നും തുറന്ന് കാട്ടി ഒറ്റപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. 'ജയ' അരി വില 6 രൂപ വരെ ഒരു കിലോയ്ക്ക് കുറയ്ക്കാൻ ആന്ധ്രാ ലോബി നിർബന്ധിതമായി. ഏതെങ്കിലും

സാഹചര്യത്തിൽ അരി വില ഇനിയും ഉയരാനിടയായാൽ ബംഗാളിൽ നിന്ന് ഒരു റേക്ക് അരികൂടി (2500 ടൺ) കൊണ്ടു വരുന്ന കാര്യം സഹകരണ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. വിപണന കേന്ദ്രങ്ങൾ തുടർച്ചായി നില നിർത്താനും പഞ്ചായത്തുകളിലും, കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പതിനായിരം ന്യായ വില ചന്തകൾ തുടർച്ചയായി നടത്താനുമുള്ള ഒരു പ്രോജക്ട് തയ്യാറാക്കി ധനകാര്യ വകുപ്പിന് കൊടുത്തിട്ടുണ്ട്. അതിൽ തീരുമാനമായിട്ടില്ല. 25 സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിൽ അഞ്ച് എണ്ണം സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ ഓരോ നിയോജകമണ്ഡലത്തിലും ഒരു ഇടത്തരം ത്രിവേണി മാർക്കറ്റും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇതിനോടകം 40 എണ്ണം ആരംഭിച്ചുകഴിഞ്ഞു. സഹകരണപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആവശ്യമായ അരി ലഭ്യമാക്കുന്നതിന് വേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൃഷി, ധനകാര്യം, ഇറിഗേഷൻ, സഹകരണം എന്നീ വകുപ്പുകളിലെ മന്ത്രിമാർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. നെല്ലുൽപ്പാദനം പരമാവധി വർദ്ധിപ്പിക്കാനും നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകാനും കൃഷി വകുപ്പുമന്ത്രിയുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ മാസം ഒടുവിൽ അതിന്റെ വിതരണ പരിപാടി ആരംഭിക്കുന്നതാണ്. കൂടാതെ പച്ചക്കറി, കപ്പ, വാഴ, എന്നീ വിളകൾക്ക് 4% പലിശയ്ക്ക് ലോൺ കൊടുക്കാനും തീരുമാനിച്ചിരിക്കുകയാണ്. വിദേശമദ്യഷോപ്പുകളുടെ പ്രവർത്തനം സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ടതാണെന്നും ഇവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സഹകരണവകുപ്പ് സഹായിക്കുക മാത്രമാണ് ചെയ്യുന്നതെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 94 മുതൽ 120 വരെയുള്ള ( 27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 712 മുതൽ 953 വരെയുള്ള ചോദ്യങ്ങളിൽ 105 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)